പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 236

05.05.2017-ൽ മറുപടിയ്ക്ക്

# കെട്ടികിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്ന കാര്യത്തിൽ ഫലപ്രദമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസ്സുകളിൽ 'Zero Pendency' കൈവരിക്കുന്നതിനായി അത്തരം കേസുകൾ തീർപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബഹു. ഹൈക്കോടതിയിൽ ഒരു 'Delay & Arrears Committee ' രൂപീകരിച്ചിട്ടുണ്ട്. കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനായി കേസുകൾ ഒന്നിച്ചു ചേർക്കൽ, തരം തിരിക്കൽ തുടങ്ങിയ പ്രക്രിയകൾ ഹൈക്കോടതിയിൽ ചെയ്തു വരുന്നുണ്ട്. പെട്ടെന്ന് തീർപ്പാക്കേണ്ട കേസ്സുകളെ TFD (Targeted for disposal) എന്ന വിഭാഗത്തിലും Stayed Cases -നെ 'Lower Court Proceedings Stayed' എന്ന വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>കീഴ്കോടതികളുടെ പ്രവർത്തനങ്ങൾ ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസുകൾ ഫലവത്തായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്. ഓരോ കോടതികളിലും തീർപ്പാക്കേണ്ട കേസ്സുകൾ സംബന്ധിച്ച് നിശ്ചിത Target നൽകുക, Special List System, Unit System തുടങ്ങിയ പദ്ധതികൾ വഴി കീഴ്കോടതികളിലെ കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കെട്ടിക്കിടക്കുന്ന കേസ്സുകളിൽ ഭൂരിഭാഗവും സർക്കാരുമായി ബന്ധപ്പെട്ടവയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) | കെട്ടിക്കിടക്കുന്ന കേസ്സുകളിൽ ഭൂരിഭാഗവും സർക്കാരുമായി ബന്ധപ്പെട്ട കേസ്സുകളാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സർക്കാരുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തു വരുന്നു. കോടതികളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും സർക്കാർ നൽകി വരുന്നുണ്ട്. കേസ്സുകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് ഹൈക്കോടതിയുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |
| (സി) | എങ്കിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കിക്കിട്ടാൻ വേണ്ട നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ